"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ 2015-16 സാമ്പത്തിക വർഷത്തെ ഇ-ടെണ്ടർ നടത്തിപ്പ്- ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണം - റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. ബാബുരാജ് പി.എസ്.-നെതിരായ അച്ചടക്ക നടപടി - O.A. (EKM) 770/2023 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് - നടപ്പാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.610/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. ധനകാര്യ (Inspection Wing-Technical) വകുപ്പിന്റെ 03.12.2016-ലെ Insp.Tech.1/256/2016-FIN നമ്പർ അന്വേഷണറിപ്പോർട്ട്
2. ചീഫ് എഞ്ചിനീയറുടെ 30.07.2019-ലെ ഇ15/4933/17/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.
3. 10.02.2020-ലെ EW2/15/2017-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക.
4. മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജ് 16.03.2020 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. ചീഫ്എഞ്ചിനീയറുടെ 22.11.2021-ലെ ഇ15/44933/17/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.
6. സ.ഉ.(സാധാ)നം.1002/2021/ത.സ്വ.ഭ.വ തീയതി 14.05.2021
7. കണ്ണൂർ മുനിസിപ്പൽ കോർപറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 08.07.2021-ലെ E8/2202020 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്
8. ചീഫ്എഞ്ചിനീയർ 19.09.2022-ൽ ഇ15/44933/ 17/സി.ഇ./ത.സ്വ.ഭ.വ നമ്പറായി ശ്രീ. പി.എസ്. ബാബുരാജിന് നല്കിയ നോട്ടീസ് (Annexure A6).
9. ചീഫ്എഞ്ചിനീയറുടെ 06.12.2022-ലെ ഇ15/44933/ 17/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.
10. റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജ് 01.10.2022 തീയതിയായി ചീഫ്എഞ്ചിനീയർക്ക് സമർപ്പിച്ച മറുപടി.
11. 17.01.2023-ൽ EW2/15/2017-LSGD നമ്പറായി ശ്രീ. പി.എസ്. ബാബുരാജിന് സർക്കാർ നല്കിയ കത്ത്(A9).

12. സ.ഉ.(സാധാ) നം.256/2023/ത.സ്വ.ഭ.വ തീയതി 30.01.2023
13. O.A. (EKM) 770/2023 നമ്പർ കേസിൽ 27.10.2025-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി
14. റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത CP 22/2026 നമ്പർ Contempt Petition.

## ഉത്തരവ്

പാലക്കാട് L.S.G.D. ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിലെ 2015-16 സാമ്പത്തിക വർഷത്തെ ഇ-ടെണ്ടർ നടത്തിപ്പിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ (പരിശോധന വിഭാഗം) വകുപ്പ് അന്വേഷണം നടത്തി കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിലേക്കായുള്ള ശുപാർശകളടങ്ങിയ റിപ്പോർട്ട് പരാമർശം (1) പ്രകാരം സർക്കാരിൽ ലഭിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

i. 2015-16 സാമ്പത്തിക വർഷത്തിൽ, 798 ഇ-ടെൻഡറുകളും ഡിവിഷൻ ഓഫീസിന്റെ വെബ് പോർട്ടൽ വഴി 38 ടെൻഡറുകളും എക്സിക്യൂട്ടീവ് എഞ്ചിനീയർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ ഓപ്പണിംഗ് രജിസ്റ്ററിൽ ലേലക്കാരാരും ഒപ്പിട്ടിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.
ii. കുറഞ്ഞ ലേലതുക രേഖപ്പെടുത്തിയ 21 ടെൻഡറുകൾ പ്രാഥമിക ഉടമ്പടിയുടെ ഒറിജിനൽ ഉൾപ്പെടുത്തിയില്ലെന്ന കാരണം ചൂണ്ടിക്കാട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരസിച്ചു. മേൽ പ്രവൃത്തികളുടെ കരാർ രണ്ടാം സ്ഥാനത്തുള്ളവർക്ക് അവരുടെ കൂടിയ തുകയ്ക്ക് നൽകിയത് ക്രമരഹിതവും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്നതുമാണ്.
iii. പരാമർശിത 21 പ്രവൃത്തികളുടെ കരാർ ഉടമ്പടി ഒപ്പ് വെച്ചെങ്കിലും ഫണ്ടിന്റെ അഭാവത്താൽ പല പ്രവൃത്തികളും ധനകാര്യ പരിശോധന വിഭാഗത്തിന്റെ അന്വേഷണ കാലയളവിൽ പോലും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ, ടെൻഡർ അന്തിമമാക്കുന്നതിൽ കാണിച്ച അനാവശ്യ തിടുക്കം ന്യായീകരിക്കാവുന്നതല്ല.
iv. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ കുതിരമൂളി-ഇടച്ചിറ-കല്ലിയമ്പാറ റോഡ് നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്കിലും 5.50% താഴെയായി സമർപ്പിച്ച 634/2015-16 നമ്പറായ സിംഗിൾ ടെൻഡർ ഒറിജിനൽ പ്രാഥമിക കരാർ സമർപ്പിച്ചിട്ടില്ലെന്ന കാരണത്താൽ നിരസിച്ചു. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 16.70% കുറവായി സമർപ്പിച്ച 742/2015-16 നമ്പർ ടെണ്ടർ പ്രാദേശിക വിപണി നിരക്കുമായി താരതമ്യം ചെയ്യാതെ തന്നെ പ്രായോഗികമല്ലെന്ന കാരണത്താൽ നിരസിച്ചത് ക്രമരഹിതവും സർക്കാരിന് നഷ്ടം വരുത്തുന്നതുമാണ്.
v. മേൽപ്പറഞ്ഞ വസ്തുതകൾ മറച്ചുവെച്ചുകൊണ്ട് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 14.9% അധികതുകയ്ക്കുള്ള രണ്ടാമത്തെ ഏറ്റവും കുറഞ്ഞ ലേലക്കാരന്റെ ബിഡ് എക്സിക്യൂട്ടീവ് എൻജിനീയർ ജില്ലാ പഞ്ചായത്തിനും ചീഫ് എഞ്ചിനീയർക്കും സമർപ്പിച്ചു.
vi. ഏറ്റവും കുറഞ്ഞ നിരക്കിന് പകരം second lowest-ന് കരാർ ഉറപ്പിച്ചു നൽകിയതു വഴി

സർക്കാരിന് ഏകദേശം 18,00,876/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

vii. പല പ്രവൃത്തികളിലും കരാർ ഉടമ്പടി വയ്ക്കുന്നതിനുണ്ടായ കാലതാമസത്തിന് പിഴ ചുമത്തിയതായി കാണുന്നില്ല.

viii. 474/14-15 നമ്പർ കരാറിന്റെ ബാങ്ക് ഗ്യാരന്റി പുതുക്കിയതായി കാണുന്നില്ല.

ix. 49/15-16/EE/LSGD/DP/PKD നമ്പർ കരാറിന്റെ സൈറ്റ് കൈമാറുന്നതിൽ 10 ദിവസത്തെ കാലതാമസം വന്നതായി കാണുന്നു.

x. ടെൻഡർ രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല.

xi. "Dist.Pt.PKD 2015-16 LAC ADS പാലക്കാട് Constituency-Improvements to Puthukkudi Chengode Thottupallam Road Second Phase in Pirayiri Grama Panchayath" എന്ന പ്രവൃത്തിയുടെ കരാറിൽ ശരിയായ സൂക്ഷ്മപരിശോധന നടത്തിയതായി കാണുന്നില്ല.

xii. എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ തുട്ടിപ്പാടത്ത് ഗ്യാസ് ശ്മശാനത്തിന്റെ നവീകരണം എന്ന പ്രവൃത്തിയിൽ വിവിധ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

2. മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജ്, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സി.എസ്. ഗീതാകുമാരി, ഓവർസിയർമാരായ ശ്രീ. പി.എ. ദേവപ്രസാദ്, ശ്രീമതി ധന്യ എസ്., റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അഹമ്മദ്കബീർ എസ്., റിട്ട. ജൂനിയർ സൂപ്രണ്ട് ശ്രീ. റോയ് സി.എൽ. എന്നിവർ മേൽ വീഴ്ചകൾക്ക് ഉത്തരവാദികളാണെന്ന് ചീഫ് എഞ്ചിനിയർ പരാമർശം (2) പ്രകാരം അറിയിച്ചു.

3. തുടർന്ന്, മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജ്, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സി.എസ്. ഗീതാകുമാരി എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്കനടപടിയുടെ ഭാഗമായി പരാമർശം 3 കുറ്റപത്രം /കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി. കൂടാതെ, ഈ വിഷയത്തിൽ ഓവർസിയർമാരായ ശ്രീ. പി.എ. ദേവപ്രസാദ്, ശ്രീമതി ധന്യ എസ്. എന്നിവർക്കെതിരെ ചീഫ് എഞ്ചിനീയർ അച്ചടക്കനടപടി ആരംഭിയ്ക്കുകയും ചെയ്തു.

4. കുറ്റപത്രത്തിന് മറുപടിയായി മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച പരാമർശം (4) പ്രതിവാദപത്രികയിൽ, പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ 2015-16 സാമ്പത്തിക വർഷം ആദ്യമായാണ് ഇ-ടെണ്ടർ നടപ്പിലാക്കുന്നതെന്നും ടെണ്ടറുകളുടെ ആധിക്യവും ഇന്റർനെറ്റിന്റെ വേഗതക്കുറവും മൂലം ടെണ്ടർ തുറക്കുന്ന സമയത്ത് കരാറുകാർക്ക് ഹാജരാകാൻ കഴിയാത്ത സാഹചര്യമായിരുന്നുവെന്നും ദർഘാസിനെ പിന്തുണയ്ക്കുന്ന രേഖകളില്ലാത്തതിനാലാണ് കുറഞ്ഞ ലേലത്തുകയുള്ള L1 ടെണ്ടറുകൾ നിരസിച്ചതെന്നും ബോധിപ്പിച്ചു.

5. ചീഫ് എഞ്ചിനീയർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, കുറ്റാരോപിതരുടെ വാദങ്ങളോട് യോജിച്ചിട്ടുണ്ട്. ടെണ്ടറുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള അധികാരം ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാണെന്നും ജില്ലാ

പഞ്ചായത്ത് സമിതി, നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശിപാർശ അംഗീകരിച്ചു എന്നും തദ്ദേശ സ്വയംഭരണ വകുപ്പിൽ ആദ്യമായി ഇ-ടെണ്ടർ നടത്തിയപ്പോൾ ഉണ്ടായ മനുഷ്യസഹജമായ പിഴവുകളാണ് സംഭവിച്ചതെന്നും മന:പൂർവ്വമായ കൃത്യവിലോപമോ അധികാര ദുർവിനിയോഗമോ ഉദ്യോഗസ്ഥർ നടത്തിയതായി കാണുന്നില്ല എന്നും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലില്ലാതിരുന്ന ഇ-ടെണ്ടർ നടത്തിപ്പിന്റെ തുടക്കകാലത്ത് സംഭവിച്ചുപോയ സാങ്കേതികമായ പിഴവ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സംഭവിച്ചതായി കാണാവുന്നതാണെന്നും ജില്ലാ പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോടെയാണ് ടെണ്ടറുകളിൽ തീർപ്പ കൽപ്പിച്ചതെന്നും ഇക്കാരണത്താൽ നിർവ്വഹണ ഉദ്യോഗസ്ഥർ ക്രമക്കേട് നടത്തുകയോ അതുവഴി മന:പൂർവ്വം സർക്കാരിന് നഷ്ടം വരുത്തുകയോ ചെയ്തു എന്ന് കരുതാനുള്ള സാഹചര്യമില്ല എന്നും ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അച്ചടക്കനടപടിയിലെ നടപടിക്രമങ്ങൾ സ്വീകരിച്ചുവരവേ മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജ് 31.05.2020-ൽ സൂപ്രണ്ടിംഗ് എഞ്ചിനിയറായി സേവനത്തിൽ നിന്നും വിരമിച്ചു.

6. തുടർന്ന്, അച്ചടക്ക നടപടി ക്രമങ്ങളുടെ ഭാഗമായി മേൽ ക്രമക്കേടുകളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തുകയും ഇതിന്റെ ഭാഗമായി സമർപ്പിയ്ക്കപ്പെട്ട പരാമർശം (7) റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ ചുവടെ ചേർക്കും പ്രകാരമുള്ള കണ്ടെത്തലുകളിൽ എത്തിച്ചേരുകയുണ്ടായി :-

i. 2015-16 കാലയളവ് ഇ-ടെണ്ടറിന്റെ തുടക്കമായിരുന്നതിനാൽ ട്രെയിനിംഗ് കിട്ടിയ ജീവനക്കാരുടെ അഭാവവും നെറ്റ് വർക്കിന്റെ കുറഞ്ഞ വേഗതയും ഇ-ടെണ്ടർ നടത്തിപ്പിൽ മിക്ക ജില്ലകളിലും ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നു. പലപ്പോഴും നെറ്റ് വർക്ക് സ്പീഡ് കിട്ടുന്നതിനുവേണ്ടി രാത്രികാലങ്ങളിൽ ടെണ്ടർ തുറക്കേണ്ടി വന്നിട്ടുള്ളതിനാൽ പ്രസ്തുത സമയങ്ങളിൽ കരാറുകാരുടെ സാന്നിധ്യം ലഭ്യമാകാത്തത് ഇ-ടെണ്ടറിന്റെ തുടക്കത്തിലുണ്ടായ ഒരു പോരായ്മയാണ്. പാലക്കാട് ഡിവിഷൻ ഓഫീസിലെ ഫയൽ പരിശോധനയിൽ നിന്നും നിലവിൽ ടെണ്ടർ തുറക്കുന്ന വേളയിൽ സാന്നിദ്ധ്യമുള്ള കരാറുകാരുടെ ഒപ്പുകൾ രേഖപ്പെടുത്തി വരുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

ii. രേഖകൾ പരിശോധിച്ചതിൽ നിന്നും, ബന്ധപ്പെട്ട കരാറുകാർ പ്രിലിമിനറി എഗ്രിമെന്റ് online ആയി സമർപ്പിക്കുക, പ്രിലിമിനറി എഗ്രിമെന്റിന്റെ ഒറിജിനൽ നേരിട്ട് ഹാജരാക്കുക, valid ലൈസൻസ് upload ചെയ്യുക മുതലായ ടെണ്ടർ നിബന്ധനകൾ പാലിക്കാത്തതിനാലാണ് മുൻപറഞ്ഞ 21 ടെണ്ടറുകൾ നിരസിച്ചത് എന്ന് ബോധ്യപ്പെട്ടു.

iii. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ കുതിരമൂളി-ഇടച്ചിറ-കള്ളിയമ്പാറ റോഡ് പ്രവൃത്തിയുടെ ബാലൻസ് വർക്ക് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പ്രവൃത്തി ഒഴിവാക്കിയിരുന്നു. എന്നാൽ പിന്നീട് CM's Local Road Rebuild Project ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

iv. എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം ഉണ്ടായിട്ടുള്ള പ്രവൃത്തികൾക്ക് നിയമാനുസൃതം പിഴ ഈടാക്കിയിട്ടുണ്ട്.

v. എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാങ്ക് ഗ്യാരണ്ടി കാലഹരണപ്പെട്ടിട്ടുള്ളതാണ്. പിന്നീട് വെച്ചിട്ടുള്ള എഗ്രിമെന്റുകളിൽ ഈ കാര്യം ശ്രദ്ധിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്.

vi. എഗ്രിമെന്റ് വെച്ച പ്രവൃത്തികളുടെ കരാറുകാർക്ക് നിശ്ചിത സമയപരിധിക്കകം സ്ഥലം

കൈമാറ്റുന്നതിനുള്ള കർശന നിർദ്ദേശം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയെന്നും ഇനിയുള്ള സേവനത്തിൽ ഇക്കാര്യം ശ്രദ്ധിക്കാമെന്നും കുറ്റാരോപിതൻ പറഞ്ഞതു പ്രകാരം രേഖകൾ പരിശോധിച്ചതിൽ നിന്നും പിന്നീട് ഈ കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

vii. ടെണ്ടർ ഷെഡ്യൂൾ അപ്‌ലോഡ് ചെയ്തതിൽ തകരാറു സംഭവിച്ചതിനാലാണ് 3 ടെണ്ടറുകൾ തുറന്ന് അതിൽ കരാറുകാരൻ ക്വാട്ട് ചെയ്തതു പ്രകാരമുള്ള റേറ്റ് രേഖപ്പെടുത്തിയതിനുശേഷം നിരസിയ്ക്കേണ്ടി വന്നത്.

viii. 'ജില്ലാ പഞ്ചായത്ത് പാലക്കാട് 2015-16 പുതുക്കുടി ചെങ്ങോട് തോട്ടുപ്പാടം റോഡ് നവീകരണം രണ്ടാം ഘട്ടം' എന്ന പ്രവൃത്തി എഗ്രിമെന്റ് വെച്ചപ്പോൾ Quote ചെയ്ത തുക എസ്റ്റിമേറ്റ് റേറ്റിലും 25% below ആണെങ്കിലും എഗ്രിമെന്റ് ഷെഡ്യൂളിൽ 14.10% below ആയി കാണിച്ചത് ക്ലറിക്കൽ പിഴവാണ്. ആയത് പരിഹരിച്ചിട്ടുണ്ട്.

ix. എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ളുട്ടിപ്പാടത്ത് ഗ്യാസ് ശ്മശാനത്തിന്റെ നവീകരണം എന്ന പ്രവൃത്തിയിൽ 3.26% കുറവ് ക്വാട്ട് ചെയ്ത ശ്രീ സുരേഷ് കുമാർ എന്നയാളുടെ ടെണ്ടർ നിരസിച്ച് വീണ്ടും അയാൾക്ക് തന്നെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ അംഗീകരിച്ച് നൽകിയതിൽ ജാഗ്രതക്കുറവ് ഉണ്ടായതായി വിലയിരുത്തുന്നു.

**7.** തുടർന്ന്, 27.08.2021-ൽ വകുപ്പ് അണ്ടർ സെക്രട്ടറി കുറ്റാരോപിതരെ നേരിൽ കേൾക്കുകയുണ്ടായി. കുറ്റാരോപിതർ പ്രതിവാദപത്രികയിലെ വാദങ്ങൾ ആവർത്തിച്ചു. ഇ-ടെണ്ടർ നടപ്പാക്കിയ ആദ്യ വർഷങ്ങളിൽ ഉണ്ടായ പോരായ്മയാണ് സംഭവിച്ചിട്ടുള്ളതെന്നും ടി വർഷം ഇ-ടെണ്ടർ ചെയ്ത 798 വർക്കുകളിൽ 21 എണ്ണമാണ് പരാതിക്കിടയാക്കിയിട്ടുള്ളത് എന്നും കുറഞ്ഞ നിരക്കുകാരനെ ഒഴിവാക്കിയതു വഴിയുള്ള നഷ്ടത്തിന് ഉത്തരവാദി ഉദ്യോഗസ്ഥരല്ലെന്ന് സൂചിപ്പിച്ച് ജില്ലാപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും നടപടിക്രമങ്ങളിൽ ചില ചെറിയ പിശകുകൾ ഉണ്ടായിട്ടുണ്ടെങ്കിലും കാര്യമായ വീഴ്ചകളൊന്നും തങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും ഹിയറിംഗ് വേളയിൽ കുററാരോപിതർ വാദിച്ചു.

**8.** 2015-16 സാമ്പത്തിക വർഷത്തെ 21 പ്രവൃത്തികളുടെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് L1-നെ ഒഴിവാക്കി L2-ന് കരാർ അനുവദിച്ചതുവഴി സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എങ്ങനെ ഈടാക്കാൻ കഴിയും എന്നത് സംബന്ധിച്ച്, 21 പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തിപ്പുമായി ബന്ധപ്പെട്ട് L1 ക്വാട്ട് ചെയ്ത തുകയും ബിൽ തുകയും തമ്മിലുള്ള വ്യത്യാസമായ 17,89,550/- രൂപ നഷ്ടമുള്ളതായി നിജപ്പെടുത്തി റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ. ബാബുരാജ് പി.എസ്.-ന് പ്രസ്തുത തുക തിരിച്ചടക്കുന്നതിന് പരാമർശം (8) പ്രകാരം നോട്ടീസ് (Annexure A6) നൽകിയിട്ടുള്ളതാണെന്ന് ചീഫ് എൻജിനീയർ അറിയിച്ചു. ടെണ്ടർ അംഗീകരിക്കുന്ന അധികാരി എക്സിക്യൂട്ടീവ് എഞ്ചിനീയറായതിനാലാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. ബാബുരാജ് പി.എസ്-ൽ നിന്നും നഷ്ടം ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് പരാമർശം (9) പ്രകാരം ചീഫ് എൻജിനീയർ സർക്കാരിനെ അറിയിച്ചു.

**9.** പ്രസ്തുത നോട്ടീസിന് മറുപടിയായി റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ. ബാബുരാജ് പി.എസ്. ചീഫ് എൻജിനീയർക്ക് സമർപ്പിച്ചിട്ടുള്ള പരാമർശം (10) കത്തിൽ ഇനി പറയും

പ്രകാരമുള്ള കാര്യങ്ങൾ അറിയിച്ചിരുന്നു. പ്രാഥമിക കരാർ, valid contractors license എന്നിവ ഇ-ടെണ്ടർ രേഖകൾക്കൊപ്പം സമർ പ്പിക്കാതിരുന്നതിനാലാണ് ആരോപണവിധേയമായ 21 ഇ-ടെണ്ടറുകളും നിരസിച്ചിട്ടുള്ളത്. രണ്ടാമതായി ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരനെ (L2) പ്രമേയത്തിലൂടെ ജില്ലാ പഞ്ചായത്ത് അംഗീകരിക്കുകയും അനുമതി നൽകുകയുമാണ് ഉണ്ടായിട്ടുള്ളത്. L1 ടെണ്ടർ നിയമപരമായാണ് നിരസിച്ചിട്ടുള്ളത് എന്നതിനാലും ഇ-ടെണ്ടറിംഗിൽ ആരോപിയ്ക്കപ്പെടുന്ന ക്രമക്കേട് തുടർന്നുള്ള യാതൊരു നടപടിക്രമങ്ങളിലും തെളിയിയ്ക്കപ്പെടാത്തതിനാലും സർക്കാരിന് സാമ്പത്തിക നഷ്ടം ഇക്കാര്യത്തിൽ സംഭവിച്ചതായി കണക്കാക്കുവാനാകില്ല. ആകയാൽ നോട്ടീസ് മുഖാന്തിരം അറിയിച്ചിട്ടുള്ള തുക അടയ്ക്കാൻ താൻ ബാധ്യസ്ഥനല്ല എന്നും തടഞ്ഞ് വച്ചിരിയ്ക്കുന്ന തന്റെ D.C.R.G. തുക റിലീസ് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിയ്ക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

**10.** തുടർന്ന് സർക്കാർ, നഷ്ടത്തുക അടിയന്തരമായി തിരിച്ചടവാക്കുന്നതിന് ടിയാന് പരാമർശം (11) കത്ത് നൽകി. കൂടാതെ, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സി.എസ്. ഗീതാകുമാരിക്കെതിരെ ആരംഭിച്ചിട്ടുള്ള അച്ചടക്കനടപടി, ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിലേക്കായി ശാസന നല്കിക്കൊണ്ടും, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അഹമ്മദ്കബീർ എസ്., ജൂനിയർ സൂപ്രണ്ട് ശ്രീ. റോയ് സി.എൽ. എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാളുകളെ തുടർനടപടികളിൽ നിന്നും ഒഴിവാക്കിയും പരാമർശം (12) പ്രകാരം ഉത്തരവാകുകയുണ്ടായി. L1-നെ ഒഴിവാക്കി L2-വിന് കരാർ അനുവദിച്ചതു വഴി സർക്കാരിനുണ്ടായ സാമ്പത്തികനഷ്ടം റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ. ബാബുരാജ് പി.എസ്.-ൽ നിജപ്പെടുത്തി ടിയാനിൽ നിന്ന് ഈടാക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരികയാണെന്നും സർക്കാരിനുണ്ടായ നഷ്ടം റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീ. ബാബുരാജ് പി.എസ്.-ൽ നിന്നും ഈടാക്കുന്നതിന് സർക്കാർ പരാമർശം (11) കത്ത് നല്കിയിട്ടുള്ളതിനാൽ ടിയാന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ടിയാനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുന്നതാണ് എന്നും ടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

**11.** അതേ സമയം, ഇതിനിടയിൽ, പരാമർശം (8) നോട്ടീസ്, പരാമർശം (11) കത്ത് എന്നിവ മുഖാന്തിരം നഷ്ടത്തുക തിരിച്ചടവാക്കുന്നതിനായി സർക്കാർ സ്വീകരിച്ച് വന്ന നടപടികൾക്കെതിരായി ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻ പാകെ OA (EKM)770/2023 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. തുടർ ന്ന്, നഷ്ടത്തുക തിരിച്ച് പിടിയ്ക്കുന്നതിനായി ചീഫ് എഞ്ചിനിയർ ടിയാന് നൽകിയ നോട്ടീസ് (Annexure A6), സർക്കാർ നൽകിയ കത്ത് (Annexure A9) എന്നിവ ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (13) വിധിയിൽ റദ്ദാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിധിപ്പകർപ്പ് കൈപ്പറ്റി 6 ആഴ്ചയ്ക്കകം ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കണമെന്നും അല്ലാത്തപക്ഷം സമയപരിധി അവസാനിച്ചതിന് ശേഷമുള്ള 2 ആഴ്ചയ്ക്കുള്ളിൽ ടിയാൾക്ക് മുഴുവൻ DCRG-യും നൽകണമെന്നുമാണ് ബഹു. ട്രൈബ്യൂണലിന്റെ 27.10.2025-ലെ വിധിയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

**12.** ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണറിപ്പോർട്ട്, കുറ്റാരോപിതനായ റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജിന്റെ പ്രതിവാദപത്രിക, ചീഫ് എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, കുറ്റാരോപിതരെ നേരിൽ കേട്ടവേളയിലെ വാദങ്ങൾ, OA (EKM)770/2023 കേസിൽ ബഹു. ട്രൈബ്യൂണലിന്റെ 27.10.2025-ലെ വിധി എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ 2015-16 സാമ്പത്തിക വർഷത്തെ ഇ-ടെണ്ടർ നടത്തിപ്പിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെയും ചീഫ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെയും, ടിയാൾ സേവനത്തിൽ നിന്നും 31.05.2020-ൽ വിരമിച്ചിട്ടുള്ള സാഹചര്യത്തിലും റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജിനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടിയുടെ ഭാഗമായുള്ള, തുടർനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കിയും ഇപ്രകാരം ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം, O.A. (EKM) 770/2023 നമ്പർ കേസിൽ 27.10.2025-ലെ ബഹു. ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. പി.എസ്. ബാബുരാജിന് മുഴുവൻ D.C.R.G. തുകയും നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശവും നല്കുന്നു.

**13.** സർക്കാരിന് നഷ്ടം വന്ന തുക സംബന്ധിച്ച വിഷയം പ്രത്യേകം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**14.** O.A. (EKM) 770/2023 നമ്പർ കേസിൽ 27.10.2025-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (13) പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ. പി.എസ്. ബാബുരാജ്, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ, പുരണ്ടേകാട്ടിൽ ഹൗസ്, 110 KV സബ് സ്റ്റേഷൻ റോഡ്, പാലക്കാട് - 679103 **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
6. ധനകാര്യ (Inspection Wing-Technical) വകുപ്പ്
7. ധനകാര്യ (Development) വകുപ്പ് (16.01.2026-ലെ Dev-4/201/2016-FIN പ്രകാരം)

8. നിയമവകുപ്പ് (16.02.2026-ലെ ST-II1/11/2026-LAW പ്രകാരം)
9. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
10. സ്റ്റോക്ക് ഫയൽ (EW2/15/2017-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Asha. R

Date: 06-03-2026 16:53:11

സെക്ഷൻ ഓഫീസർ